# Mathrubhumi

## 22 August 2018

## Alappuzha, Kuttanad, Flood



# വെയിൽ വന്നിട്ടും വെള്ളമിറങ്ങാതെ കുട്ടനാട്

**ജിനോ സി. മൈക്കിൾ**
ആലപ്പുഴ

▸ പ്രളയത്തിൽ പ്രാണനൊഴികെ എല്ലാം നഷ്ടപ്പെട്ടുനിൽക്കുകയാണ് കുട്ടനാടൻ ജനത. ചൊവ്വാഴ്ചത്തെ കാഴ്ചകൾ പ്രതീക്ഷകൾ നൽകുന്നതായിരുന്നു. വെള്ളമിറങ്ങിയില്ലെങ്കിലും വെയിൽ തെളിഞ്ഞു. കുട്ടനാട്ടുകാരുടെ മനവും തെളിഞ്ഞുതുടങ്ങി. വളർത്തുമൃഗങ്ങളുൾപ്പെടെ ഒരുപാട് നഷ്ടം ഉണ്ടായിട്ടുണ്ട്. വീടുകൾക്ക് വൻ നാശനഷ്ടമുണ്ട്. എന്നാലും വെയിലുദിച്ചയുടനെ ചിലയാളുകൾ കുട്ടനാട്ടിലേക്ക് മടങ്ങി. അവശേഷിക്കുന്ന സാധനങ്ങൾ സംരക്ഷിക്കാനുള്ള യാത്ര.

വളർത്തുനായ്ക്കൾ പലതും ബോട്ട് ജെട്ടികളിലും വീടിന്റെ മുകളിലും യജമാനൻമാരുടെ വരവും കാത്തിരിപ്പാണ്. വെള്ളമിറങ്ങുന്നതിനുള്ള കാത്തിരിപ്പിലാണ് എല്ലാവരും. കുട്ടനാട്ടിൽനിന്ന് രക്ഷിക്കാൻ സാധിക്കാത്ത പക്ഷിമൃഗാദികൾക്കായി സർക്കാർ ഭക്ഷണം എത്തിക്കുന്നുണ്ട്. കുറെയധികം മൃഗങ്ങളെ കരയിലെത്തിച്ച് സംരക്ഷിക്കുന്നു.

ആഴ്ചകളുടെ വ്യത്യാസത്തിൽ രണ്ട് വെള്ളപ്പൊക്കമാണ് കുട്ടനാട്ടിലുണ്ടായത്. ആദ്യവെള്ളപ്പൊക്കത്തിൽ ക്യാമ്പുകളേറെയും കുട്ടനാട്ടിൽ തന്നെയായിരുന്നു. രണ്ടാംവെള്ളപ്പൊക്കമായപ്പോൾ ആ ക്യാമ്പുകളുടെ മേൽക്കൂരവരെ വെള്ളമെടുത്തു. ഏറ്റവും ഉയർന്നതെന്ന് തോന്നുള്ള വീടുകളിൽ പോലും മേൽക്കൂരയോളം വെള്ളം.

ഇനി കാത്തിരിപ്പിന്റെ നാളുകളാണ്. വെള്ളമിറങ്ങാൻ... അതിനുശേഷം കുട്ടനാട്ടുകാർ തിരികെയെത്തും. നഷ്ടപ്പെട്ടതും കഷ്ടപ്പെട്ടതും തിരികെ പിടിക്കാൻ.

## കായൽരാജാവിന്റെ പിൻമുറക്കാർ

രണ്ടാം ലോക മഹായുദ്ധം കഴിഞ്ഞ കാലം. നാട്ടിൽ ശക്തമായ ഭക്ഷ്യക്ഷാമം. പ്രശ്നത്തിന് പരിഹാരം കാണാൻ കൂടുതൽ കൃഷിയിടങ്ങൾ കണ്ടെത്തണമെന്ന് ശ്രീചിത്തിരതിരുനാൾ മഹാരാജാവിന്റെ കല്പന. കുട്ടനാട്ടിലെ കർഷകന് ഭൂവുടമയുമായിരുന്ന ജോസഫ് മുരിക്കൻ ഈ കല്പനയുടെ പിൻബലത്തിൽ 1959 ഏക്കർ ഭൂമിയോളം കായൽനിലങ്ങൾ നികത്തി നെൽക്കൃഷി ചെയ്തു. ചരിത്രത്തിലദ്ദേഹത്തെ രേഖപ്പെടുത്തിയിരിക്കുന്നത് കായൽ രാജാവ് എന്നാണ്.

ചിത്തിര, റാണി, മാർത്താണ്ഡം എന്നിങ്ങനെ കായൽ നിലങ്ങൾക്ക് അദ്ദേഹം പേരുകളും നൽകി. ഈ കായൽ രാജാവിന്റെ പിൻഗാമികളാണ് കുട്ടനാട്ടിലെ കർഷകർ. കഴുത്തറ്റം വെള്ളത്തിൽനിന്നും പ്രതിസന്ധികളെ അവർ നീന്തിത്തോൽപ്പിക്കും.

സമുദ്രനിരപ്പിന് വളരെതാഴെ കൃഷിനടത്തുന്ന ലോകത്തിലെ തന്നെ അപൂർവം പ്രദേശങ്ങളിലൊന്നാണ് കുട്ടനാട്. കുട്ടനാടൻ കായൽനിലങ്ങൾ മനുഷ്യസൃഷ്ടിയാണ്.

ആയിരക്കണക്കിനു ആളുകളുടെ അധ്വാനഫലമാണ് നിലങ്ങൾ. ആ പാടങ്ങളുണ്ടാക്കാൻ ഒട്ടേറെ തൊഴിലാളികൾക്ക് ജീവൻ വെടിയേണ്ടിവന്നു. ജീവൻ വെടിഞ്ഞും അതിജീവനമെന്നത് കുട്ടനാട്ടുകാരുടെ രക്തത്തിലുള്ളതാണ്. ആ ചോരത്തിളപ്പിൽ അവർ ഒന്നൊന്നായി എല്ലാ നന്മകളും കൊയ്തെടുക്കും. അതിനുള്ള കാത്തിരിപ്പിലാണവർ.